വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുത്ത് തുടങ്ങിയ വർഷം

167(T 1234) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ എയർപോർട്ട്, കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, ദേശീയ ഗെയിംസ്, പാലക്കാട് കോച്ച് ഫാക്ടറി, ടെക്നോ സിറ്റി എന്നീ പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്തുതുടങ്ങിയത് ഏത് വർഷം മുതലാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

പദ്ധതി	ഭൂമി ഏറ്റെടുത്ത് തുടങ്ങിയ വർഷം
കണ്ണൂർ എയർപോർട്ട്	1998
കൊച്ചി മെട്രോ	കൊച്ചി മെട്രോയ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളുടെ പ്രാരംഭ ജോലികൾ 9-11-2012 മുതലും ഭൂമി ഏറ്റെടുത്ത് കൈമാറ്റം ചെയ്ത് തുടങ്ങിയത് 12-3-2013 മുതലുമാണ്.
വിഴിഞ്ഞം തുറമുഖം	2010
ദേശീയ ഗെയിംസിന്	സ്ഥലം ഏറ്റെടുത്തിട്ടില്ല
പാലക്കാട് കോച്ച് ഫാക്ടറി	2008 മുതൽ
ടെക്നോ സിറ്റി	2010 മുതൽ.

കാസർഗോഡ് വെള്ളരിക്കുണ്ടിലെ ഭൂമി വിലയ്ക്ക് വാങ്ങിയ 205 കുടുംബങ്ങളുടെ ഭൂനികുതി ഒടുക്കൽ

168(1235) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ടിലെ പ്രകാശ് പ്ലാന്റേഷന്റെ കൈവശമുള്ള തോട്ടം ഭൂമി വിലയ്ക്ക് വാങ്ങിയ 205 കുടുംബങ്ങളുടെ ഭൂനികുതി വാങ്ങുന്നത് നിർത്തി വച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൻമേൽ സർക്കാർ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly